(ബി) എങ്കിൽ ഏതെല്ലാം സ്മാരകങ്ങൾ പഠന ഗവേഷണ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ ഇത്തരം പഠനഗവേഷണ കേന്ദ്രങ്ങൾ കവിത്രയങ്ങളുടെ സ്മാരകങ്ങളുമായി ബന്ധപ്പെടുത്തി രൂപീകരിച്ച് നടപ്പാക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ ആന്റ് ബി) മഹാകവി വള്ളത്തോൾ സ്ഥാപിച്ച കലാമണ്ഡലം വള്ളത്തോളിന്റെ സ്മാരകമായിട്ടാണ് ഇപ്പോൾ നിലനിൽക്കുന്നത്. വള്ളത്തോൾ ഭവനവും സ്മൃതി മണ്ഡപവും കലാമണ്ഡലമാണ് സംരക്ഷിക്കുന്നത്. ഇവിടെ വിദേശികൾ ഉൾപ്പെടെയുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് സന്ദർശിക്കാനും പഠിക്കാനും അവസരം ഒരുക്കുന്നുണ്ട്. കേരള കലാമണ്ഡലം ക്ലാസിക്കൽ കലകളുടെ പഠനകേന്ദ്രമാണ്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

കയർ രംഗത്തെ ഗവേഷണങ്ങൾ

*10 [426] ശ്രീ. ഡി. സുഗതൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ലൂഡി. ലൂയീസ്:

„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ രംഗത്ത് എന്തെല്ലാം വിധത്തിലുള്ള ഗവേഷണങ്ങളാണ് നടന്നുവരുന്നത്;

(ബി) ഈ രംഗത്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ എടുത്തുവരുന്നു എന്ന് വ്യക്തമാക്കാമോ; ഇവയുടെ ഫലം കണ്ടു തുടങ്ങിയോ എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് കയറിനെ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നത് സി.ഡോക്ട് എന്ന സ്ഥാപനമാണ്. ടി സ്ഥാപനം വഴി ഇപ്പോൾ കയറിനെ സംബന്ധിച്ച അഞ്ച് ഗവേഷണ പദ്ധതികൾ നടന്നുവരുന്നു.

1. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനായി രണ്ട് പദ്ധതികൾ.

2. കയർ മേഖലയിലെ യന്ത്രവൽക്കരണം, ചകിരിച്ചോറിന്റെ വിനിയോഗം വിപുലപ്പെടുത്തൽ, ഏതെല്ലാം മേഖലയിൽ ഗവേഷണത്തിന് ഊന്നൽ നൽകണം മുതലായ കാര്യങ്ങളെപ്പറ്റിയുള്ള പഠന റിപ്പോർട്ട് തയ്യാറാക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

3. ആയുർവ്വേദ ചെടികളുടെ നീരുപയോഗിച്ച് പ്രകൃതിദത്തമായ ചായം മുക്കി അവയുടെ ആയുർവ്വേദ ഗുണങ്ങളെക്കുറിച്ച് പഠിക്കുന്നതിനുള്ള പദ്ധതി.

4. ഗവേഷണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സ്ഥാപനമെന്ന നിലയിൽ ലൈബ്രറി സ്ഥാപിക്കുന്നതിന് സി.ഡോക്ടിന് 4.90 ലക്ഷം രൂപ സംസ്ഥാനതല കയർ ഗവേഷണ വികസന സമിതി അംഗീകരിച്ച് നൽകിയിട്ടുണ്ട്.

5. ചകിരി നാരിന്റെ അടിസ്ഥാന സാങ്കേതിക സ്വഭാവങ്ങൾ പഠിക്കുന്നതിനുള്ള പദ്ധതി ഐ.സി.എ.ആർ.-ന്റെ മുംബൈയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ കോട്ടൺ ടെക്നോളജി (സിർകോട്ട്)-ൽ നടന്നുവരുന്നു.

(ബി) മറുപടി എ-യിൽ പരാമർശിച്ച ഗവേഷണങ്ങളുടെയും പഠനത്തിന്റെയും ആത്യന്തിക ലക്ഷ്യങ്ങളിൽ ഉൽപ്പാദന ചെലവ് കുറയ്ക്കുക, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്നിവയും ഉൾപ്പെടുന്നു. ഇപ്പോൾ ഗവേഷണങ്ങൾ നടന്നു വരികയാണെന്നതിനാൽ അവയുടെ ഫലം പ്രകടമായും കണ്ടു തുടങ്ങുന്നതേയുള്ളൂ.

കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ

*11 [427] ശ്രീ. എം. കുമാരൻ:

„ കെ. പി. രാജേന്ദ്രൻ:

„ പി. എസ്. സുപാൽ:

„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഗവേഷണ പ്രവർത്തനങ്ങളും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും മുടങ്ങിയിട്ടുണ്ടോ;

(സി) 2001-02, 2002-03, 2003-04 വർഷങ്ങളിൽ പ്ലാൻ, നോൺ പ്ലാൻ വിഭാഗങ്ങളിൽ സർക്കാർ നൽകിയ സാമ്പത്തിക സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലയിൽ ഈ മൂന്ന് വർഷക്കാലം ഉണ്ടായ പ്രധാന ഗവേഷണ ഫലങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) കൃഷിക്കാരന്റെ ദൈനംദിന കാർഷിക പ്രവർത്തനങ്ങളുമായി സർവ്വകലാശാലയുടെ ഗവേഷണ, വിജ്ഞാന വ്യാപന മേഖലകളെ ബന്ധപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് തുടർന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly